**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 471** **17-09-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി - വടകര, വില്യാപ്പള്ളി, ചേലക്കാട് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വടകര, വില്യാപ്പള്ളി, ചേലക്കാട് റോഡ് പ്രവൃത്തിയുടെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ സമയക്രമം വിശദമാക്കാമോ; | (എ) | വടകര വില്യാപ്പള്ളി ചേലക്കാട് റോഡ് പ്രവൃത്തിക്ക് 77.21 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. ആകെ റോഡിന്റെ നീളം 15.984 കി.മീ ആണ്. ഫ്രീ സറണ്ടർ മുഖേന ഭൂമി വിട്ടു കിട്ടുന്ന രീതിയിലാണ് പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത്. 0/000 - 2/700 വരെയുള്ള ഭൂമി ഫ്രീ സറണ്ടർ മുഖേന ലഭ്യമായിട്ടില്ല. ഫ്രീ സറണ്ടർ ഭൂമി ലഭ്യമായ 2/700 മുതൽ 15/984 വരെയുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് പാർട്ട് TS ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും 30.08.2025 തീയതി കരാർ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 18 മാസ കാലാവധിയിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെടെ പൂർത്തിയാക്കുന്ന തരത്തിലാണ് പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള തുക കിഫ്ബിയിൽ നിന്നും കെ.ആർ.എഫ്.ബി ക്കു നൽകിയിട്ടുണ്ട്. KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള എസ്റ്റിമേറ്റ് പാക്കേജ് സ്ഥിരീകരണത്തിനായി 08.09.2025 തീയതിയിൽ കെ.ആർ.എഫ്.ബി കിഫ്ബിയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ട് പ്രസ്തുത പാക്കേജ് 12.09.2025 തീയതിയിൽ കിഫ്ബി കെ.ആർ.എഫ്.ബി ക്കു തിരികെ നൽകിയിരുന്നു. ആയത് കെ.ആർ.എഫ്.ബി. പി.എം.യു. കോഴിക്കോട് - വയനാട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് കെ.ആർ.എഫ്.ബി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമായ ശേഷം പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ